LIBRARY ARCHIVES Kerala Legislative Assembly

ആർദ്രം പദ്ധതിയുടെ ഭാഗമായി ഫാർമസിസ്റ്റ് തസ്തികകൾ

179 (4904) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 180 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

3-8-2021-ലെ തീയതിലെ സ.ഉ. (കൈ)നമ്പർ 143/2021/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി 52 പുതിയ തസ്തികകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 180 തസ്തികകളും കൂടാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 9 തസ്തികകളും ഉൾപ്പെടെ മൊത്തം 241 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

താലൂക്ക് ആസ്ഥാന ആശുപത്രികളെ നവീകരിക്കുന്നത് സംബന്ധിച്ച്

180 (4905) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആസ്ഥാന ആശുപത്രികളെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/താലൂക്കാസ്ഥാന ആശുപത്രികളിലായി കിഫ്ബി പദ്ധതിപ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രധാന സേവനങ്ങളെല്ലാം ഒരു കെട്ടിടത്തിൽ സജ്ജമാക്കുന്നതിനായി ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. 5 കോടി രൂപയോ അതിനുകളിലോ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡ് പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, NHM, ബഹുമാനപ്പെട്ട എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ട് എന്നിവ മുഖേനയും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. അസറ്റ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്കുതല ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൂടാതെ ദേശീയ ആരോഗ്യ മിഷൻ മുഖേന ലക്ഷ്യ സ്റ്റാൻഡേർഡ്സ് അനുസരിച്ച് ലേബർ റൂം സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും ഘട്ടം ഘട്ടമായി ഡയാലിസിസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം താലൂക്ക് ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോ ആശുപത്രിക്കും അനുവദിച്ച ഫണ്ടിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.